FRIDAY 03.05.2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**
**GOVERNMENT OF KERALA**

**Chief Editor : ASA S KUMAR** **Editor : Dr BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/05/2024

1. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യൂബേറ്ററിന്റെ ഈ വർഷത്തെ അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം എന്നിവയിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. ഈ സാമ്പത്തിക വർഷത്തിലെ കെ.എ.യു. റെയ്സ് 2024, കെ.എ.യു. പെയ്സ് 2024, പ്രോഗ്രാമുകളിലേക്ക് 2024 മെയ് മാസം 1-ാം തീയതി മുതൽ 30-ാം തീയതി വരെ അപേക്ഷിക്കാവുന്നതാണ്. നൂതന ആശയങ്ങളുള്ള കാർഷിക മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും, വിദ്യാർത്ഥികൾക്കും നവസംരംഭകർക്കും പ്രോഗ്രാമുകളിലേക്കായി അപേക്ഷിക്കാം. കേന്ദ്ര സർക്കാരിന്റെ കാർഷിക കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ആർ. കെ. വി. വൈ റാഫ്ത്താർ പദ്ധതിയുടെ കീഴിലാണ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. കാർഷിക മേഖലയിൽ വേറിട്ട ആശയങ്ങളുള്ളവർക്കും വിദ്യാർത്ഥികൾക്കും അവ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാമിലേക്കും (കെ.എ.യു. റെയ്സ് 2024), നിലവിൽ സംരംഭം തുടങ്ങിയവർക്ക് പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാമിലേക്കും (കെ.എ.യു. പേസ് 2024) അപേക്ഷിക്കാം. കെ.എ.യു. റെയ്സ് 2024 പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയവരിൽ നിന്ന് തിരഞ്ഞെടുക്കുന്നവർക്ക് 5 ലക്ഷം രൂപ വരെ ഗ്രാൻറും ലഭ്യമാകുന്നതാണ്. നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെയുള്ള ധനസഹായവും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. വിവിധ ഘട്ട സ്ക്രീനിങ്ങുകൾക്കു ശേഷം

തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റും പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, 0487 2438332/8330801782/8220718221 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്കോ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലേക്ക് തപാൽ വഴിയോ ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്.

2. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഒരു കിലോയ്ക്ക് 10 രൂപ നിരക്കിൽ ഭക്ഷ്യയോഗ്യമായ കശുമാങ്ങ വിലക്കെടുക്കും. കൂടുതൽ വിവരങ്ങൾക്ക് 8281114651 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. അഗ്രികൾച്ചറൽ മാനേജ്മെൻ്റ് ഏജൻസി (ആത്മ) വഴി നടപ്പിലാക്കിവരുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട്ട് ഡീലർ കോഴ്സിലേക്ക് വളം /കീടനാശിനി ഡിപ്പോ നടത്തുന്നവർക്കും തുടങ്ങാൻ താല്പര്യമുള്ളവർക്കും അപേക്ഷിക്കാം. യോഗ്യത: എസ്.എസ്.എൽ.സി കോഴ്സ് കാലാവധി 48 ആഴ്ച. അതത് കൃഷിഓഫീസറുടെ ശുപാർശ സഹിതം മെയ് അഞ്ചിനകം ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കൊല്ലം -691013 വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാമാതൃക കൃഷിഭവനുകളിൽ ലഭിക്കും.കൂടുതൽ വിവരങ്ങൾക്ക് atmakollam@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ 7907368657/0474 2792080 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാല പടന്നക്കാട് ഗ്രാമീണ അവബോധ പ്രവർത്തി പരിചയം 2023-24 പദ്ധതി പ്രകാരം ചക്കയിൽ നിന്നൊരു നൂതന വിഭവം എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തി ഒരു പാചക മത്സരം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7306470084 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി (03.05.2024) ഇന്നുവരെ.

5. മലമ്പുഴ മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ മുട്ടകോഴി കുഞ്ഞുങ്ങളെ പൂവൻ കോഴികുഞ്ഞൊന്നിന് 5/- രൂപ നിരക്കിലും പിടകോഴി കുഞ്ഞൊന്നിന് 25/- രൂപ നിരക്കിലും തരംതിരിക്കാത്തത് കുഞ്ഞൊന്നിന് 22/- രൂപ നിരക്കിലും മുൻകൂട്ടിയുള്ള ബുക്കിംഗ് പ്രകാരം നൽകുന്നു. ഈ കേന്ദ്രത്തിൽ നിന്നും കോഴിമുട്ട 6/- രൂപ നിരക്കിൽ നൽകുന്നതാണ്. താല്പര്യമുള്ളവർക്ക് 8590663940, 9526126636 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ് .

**പരിശീലന പരിപാടി**

6. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മെയ് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം